# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 23 — 08.06.2015-ൽ മറുപടിയ്ക്ക്

### ആദിവാസി സ്ത്രീകൾക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) |
| (എ) ആദിവാസി സ്ത്രീകൾക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ തടയാൻ കർശനമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | (എ) ആദിവാസി സ്ത്രീകൾക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ തടയാൻ കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആദിവാസി സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങളിൽ ബന്ധപ്പെട്ട ഐ.പി.സി വകുപ്പുകൾ പ്രകാരവും, SC/ST (POA)Act പ്രകാരവും, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ആദിവാസി പെൺകുട്ടികൾ ലൈംഗിക ചൂഷണത്തിന് വിധേയരാകുന്നതായി അറിയാമോ; ഇത് വർദ്ധിച്ചു വരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (ബി) ആദിവാസി പെൺകുട്ടികൾ ലൈംഗിക ചൂഷണത്തിന് വിധേയരാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആദിവാസി പെൺകുട്ടികൾ ലൈംഗിക ചൂഷണത്തിന് വിധേയരാകുന്നതിന്റെ പ്രധാന കാരണങ്ങൾ വിവാഹ വാഗ്ദാനം നൽകി പീഡിപ്പിക്കുന്നതും, ബന്ധുക്കൾ തന്നെ പീഡിപ്പിക്കുന്നതും, അജ്ഞത ചൂഷണം ചെയ്ത് മറ്റുള്ളവർ മുതലെടുക്കുന്നതും, പ്രായപൂർത്തിയാവാതെയുള്ള ബന്ധങ്ങളും , |

ആദിവാസി കോളനികളിൽ വർദ്ധിച്ചു വരുന്ന മദ്യപാന ശീലവും, അവരുടെ സാമൂഹിക പിന്നോക്കാവസ്ഥ മറ്റുള്ളവർ പെട്ടെന്ന് ചൂഷണം ചെയ്യുന്നതും ആണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

| | | |
|---|---|---|
| (സി | പുറമേ നിന്നുള്ളവർ കോളനികളിലെത്തി ആദിവാസികളെ ചൂഷണം ചെയ്യുന്നതിനെതിരെ നടപടി സ്വീകരിക്കുമോ ; ആദിവാസി സ്ത്രീകളുടെ വിവാഹം നിയമാനുസൃതമാണെന്നുറപ്പാക്കാൻ നിലവിലുള്ള സംവിധാനം പര്യാപ്തമാണോ ? | (സി |
| | | പുറമേ നിന്നുള്ളവർ കോളനിയിലെത്തി ആദിവാസികളെ ചൂഷണം ചെയ്യുന്നതായി വിവരം ലഭിച്ചാൽ സ്ഥലത്തെത്തി അന്വേഷണം നടത്തി നിയമപരമായ നടപടി സ്വീകരിച്ചു വരുന്നു. ആദിവാസി സ്തീകളുടെ വിവാഹം നിയമാനുസൃതമല്ലെന്നുള്ള പരാതി ലഭിച്ചാൽ, വേണ്ട നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്. ആദിവാസി സ്ത്രീകളുടെ വിവാഹം നിയമാനുസൃതമാണെന്ന് ഉറപ്പാക്കാൻ, നിലവിലുള്ള സംവിധാനങ്ങളിൽ അപര്യാപ്തതയുള്ള കാര്യം ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ